**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 318** **25.06.2012-ൽ മറുപടിക്ക്.**

## സദാചാര പോലീസ് മർദ്ദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. സി. കെ. സദാശിവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സദാചാര പോലീസ് വ്യാപകമായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) സംസ്ഥാനത്ത് ചിലർ നിക്ഷിപ്ത താൽപര്യം നടത്തിയെടുക്കുന്നതിന്, സദാചാരം നിലനിർത്തുന്നതിനെന്ന വ്യാജേന, നിയമവിരുദ്ധമായി അക്രമവും ഗുണ്ടായിസവും നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സദാചാര പോലീസിനു പിന്നിൽ മതമൗലികവാദികളാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നിരീക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഇല്ല. |
| (സി) സദാചാരത്തിന്റെ പേരിൽ നിക്ഷിപ്ത താല്പര്യങ്ങൾ നടപ്പാക്കുന്നവർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; | : (സി) സദാചാരത്തിന്റെ പേരിൽ സാമൂഹ്യവിരുദ്ധരും മറ്റും നടത്തുന്ന അതിക്രമ സംഭവങ്ങളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം |

(മറുപുറം)

സാമൂഹ്യവിരുദ്ധരെ നിയമത്തിന്റെ മുൻപിൽക്കൊണ്ടുവരുവാനും ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതെ നോക്കുന്നതിനായും വിവിധ സന്നദ്ധസംഘടനകൾ, കുടുംബ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ ജനമൈത്രി പോലീസ് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിനായി പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം പോലീസിനെ നിരീക്ഷണത്തിനായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിന്റെ സഹായം ആവശ്യപ്പെടുവാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്.

(ഡി) സദാചാര പോലീസുകാരുടെ മർദ്ദനത്തിൽ സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട് ?

: (ഡി) സദാചാരം സംരക്ഷിക്കുന്നതിനെന്ന വ്യാജേന നടത്തിയ അക്രമ പ്രവർത്തനത്തിലും ഗുണ്ടായിസത്തിലുമായി കോഴിക്കോട് റൂറൽ ജില്ലയിൽ ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട്. കൂടാതെ ഇത്തരം അതിക്രമങ്ങളിലൂടെയുണ്ടായ മാനസികാഘാതത്തിന്റെ ഫലമായി വയനാട്, കാസർഗോഡ്, കോഴിക്കോട്-റൂറൽ ജില്ലകളിലായി 3 പേർ ആത്മഹത്യ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ